LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനായി തെരഞ്ഞെടുക്കപ്പെട്ട ഡിവിഷനുകളും സെറ്റിൽമെന്റുകളും ഏതെല്ലാമാണെന്ന വിവരം അറിയിക്കാമോ?

റീ-ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിലെ വനത്തിനകത്തുള്ള സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസം എന്ന പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഡിവിഷനുകളുടെയും സെറ്റിൽമെന്റുകളുടെയും പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(ഡി) ഇവയിൽ ഇതുവരെ അംഗീകാരം നൽകിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

റീ-ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള സ്റ്റേറ്റ് ലെവൽ എംപവേഡ് കമ്മിറ്റി (SLEC) 78 അർഹതപ്പെട്ട കുടുംബങ്ങളുടെ (ശെന്തുരുണി വൈൽഡ് ലൈഫ് ഡിവിഷനിലെ കട്ടിളപ്പാറ സെറ്റിൽമെന്റിലെ 57 അർഹതപ്പെട്ട കുടുംബങ്ങൾക്കും കാസർഗോഡ് ഡിവിഷനുകീഴിൽ വരുന്ന അട്ടൂർ മുചാംഉള്ളി സെറ്റിൽമെന്റിലെ 14 അർഹതപ്പെട്ട കുടുംബങ്ങൾക്കും ഒറ്റമല സെറ്റിൽമെന്റിലെ 7 അർഹതപ്പെട്ട കുടുംബങ്ങൾക്കും) പുനരധിവാസത്തിന് അംഗീകാരം നൽകിയിട്ടുണ്ട്.

**ജലാശയങ്ങളിലെ സൗരോർജ്ജ പ്ലാന്റുകൾമൂലം പരിസ്ഥിതിക്കുള്ള കോട്ടം**

101(5548) <u>ശ്രീ. നജീബ് കാന്തപുരം:</u>
<u>ശ്രീ. യു. എ. ലത്തീഫ്:</u>
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u>
<u>ശ്രീ. പി. അബ്ദുൽ ഹമീദ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയിലെ ജലാശയങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള പദ്ധതിക്കായി ഒരുക്കുന്ന അനുബന്ധ സംവിധാനങ്ങൾ പരിസ്ഥിതിയെയും വന്യമൃഗങ്ങളുടെ ആവാസ വ്യവസ്ഥയേയും ദോഷകരമായി ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

&

(ബി) പ്രസ്തുത സംവിധാനങ്ങൾ വനമേഖലയെ ദോഷകരമായി ബാധിക്കാതിരിക്കാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത്; വിശദാംശം നൽകുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) പരിശോധിച്ചിട്ടുണ്ട്. ഇത്തരം സൗരോർജ്ജ പ്ലാന്റുകളുമായി ബന്ധപ്പെട്ട പാനലുകൾ ജലാശയങ്ങളിൽ സൂര്യപ്രകാശം ഒരേ രീതിയിൽ ലഭിക്കുന്നതിന് തടസ്സമാകുകയും ഇതിന്റെ ഫലമായി ജലാശയത്തിലെ ഫോട്ടോസിന്തസിസ് പ്രവർത്തനങ്ങൾ കുറയുകയും മത്സ്യങ്ങളുടെ പ്രധാന ഭക്ഷണമായ phytoplankton വളർച്ച തടസ്സപ്പെടുത്തുന്നതിനും മത്സ്യസമ്പത്ത് നശിച്ചുപോകുന്നതിനും ഇടയാക്കുന്നതാണ്. ഈ പ്രതിഭാസംമൂലം ജലാശയത്തിലെ ഊഷ്മാവ് വർദ്ധിക്കുന്നതിനും വെള്ളത്തിലെ പോഷകഗുണം കുറയുന്നതിനും ആൽഗകൾ ഉണ്ടാകുന്നതിനും ഇടയാകുന്നു. ഇതിന്റെയെല്ലാം ഫലമായി മത്സ്യസമ്പത്തിനെ ആശ്രയിച്ച് കഴിയുന്ന ദേശാടനപക്ഷികളും മറ്റ് ജീവിവിഭാഗങ്ങളും ഭക്ഷണലഭ്യത കൂടുതലുള്ള സ്ഥലങ്ങൾ തേടി പോകുന്നതിനോ നശിച്ചുപോകുന്നതിനോ ഇടയാകുന്നു. ഇങ്ങനെ മത്സ്യ ലഭ്യതയിലുണ്ടാകുന്ന കുറവ് മത്സ്യം പിടിച്ച് ഉപജീവനം നടത്തുന്ന തദ്ദേശീയരായ വനവാസികളായവരേയും ബാധിക്കും.

**മരവത്കരണം കർമ്മപദ്ധതി**

102(5549)ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഭൂമിയിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്ന മരവത്കരണം എന്ന കർമ്മപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

സ്വകാര്യഭൂമിയിൽ വനം വകുപ്പ് നേരിട്ട് മരങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി നിലവിലില്ല. എന്നാൽ എല്ലാവർഷവും പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി ഹരിതകേരളം പദ്ധതിപ്രകാരം വൃക്ഷവൽക്കരണത്തിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാരിതര സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വ്യക്തികൾ, യുവജനസംഘടനകൾ, മതസ്ഥാപനങ്ങൾ, മാധ്യമസ്ഥാപനങ്ങൾ മുതലായവയ്ക്ക് സൗജന്യമായി തൈകൾ വിതരണം ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly